# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/1538/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/1538/2023 തീയ്യതി: 31/10/2023

## കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഗസ്റ്റ്യൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബെഞ്ചമിൻ ടി ജെ | പ്രസിഡന്റ് | 01-04-2022 | 04-05-2022 |
| ശ്രീ. തോമസ് സി വടക്കേൽ | പ്രസിഡന്റ് | 05-05-2022 | 31-03-2023 |
| ശ്രീമതി സറീന അബ്ദുൽ അസീസ് | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ. എസ് ഷാഹുൽ അഹമ്മദ് | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടോണി മൈക്കിൾ | കൃഷി ഓഫീസർ | 01-04-2022 | 26-10-2022 |
| ജയകൃഷ്ണ ജെ | കൃഷി ഓഫീസർ | 27-10-2022 | 03-02-2023 |
| സനീഷ് പി ജെ | കൃഷി ഓഫീസർ | 04-02-2023 | 31-03-2023 |
| ഡോ. ബിനു എസ് ജോസ്ലിൻ | വെറ്ററിനറി സർജൻ | 01-04-2022 | 01-10-2022 |
| ഡോ. സജനി കെ ജോസഫ് | വെറ്ററിനറി സർജൻ | 02-10-2022 | 31-03-2023 |
| ഡോ. സരള എ സി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. സാജു സാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സനിത്കുമാർ എൻ ടി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സവിത ശശി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 28-12-2022 |
| ഓമന ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| സുനിത്ത് ഗോപാലകൃഷ്ണൻ | വി ഇ ഒ | 01-04-2022 | 12-10-2022 |
| അനിത മരിയ ജോസ് | വി ഇ ഒ | 13-10-2022 | 31-03-2023 |
| അനീസ എം | ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി സ്കൂൾ | 01-04-2022 | 31-03-2023 |
| വിബിൻ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 26-05-2023 |
| ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 27-05-2022 | 03-08-2022 |
| ഹരിശാന്ത് കെ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 04-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി ഒഴിവാക്കി | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-5 |
| 7 | Prior Period Income/Expenditure - അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-8 |
| 10 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ക്ലീൻ കേരള കമ്പനിയിലെ നിക്ഷേപം അഡ്വാൻസായി അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതിഅവലോകനം. | 1-5 |
| 18 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-11 |

| | | |
|---|---|---|
| 24 | വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണയിച്ചിരിക്കുന്നു | 1-12 |
| 25 | പെർമിറ്റ് അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ വിസ്തീർണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചു | 1-13 |
| 26 | വസ്തുനികുതി പരിഷ്കരണം - സർക്കാർ ഉത്തരവ് ലംഘിച്ചു | 1-14 |
| 27 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-15 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-16 |
| 29 | എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-17 |
| 30 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 31 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. | 1-19 |
| 32 | സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 1-20 |
| 33 | വാടക വരുമാനത്തിന് ജി എസ് ടി ഈടാക്കിയില്ല | 1-21 |
| 34 | വിഭവ സമാഹരണം - അവലോകനം | 1-22 |
| 35 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. | 1-23 |
| 36 | പഞ്ചായത്ത് ബിൽഡിംഗിൽ സി.സി.റ്റി.വി.സ്ഥാപിക്കൽ- ടെൻഡർ നടപടികളിലെ അപാകതകൾ | 1-24 |
| 37 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് നടത്തിപ്പിൽ അപാകത. | 1-25 |
| 38 | കുടിവെള്ള ടാങ്ക് (എസ്.ടി) പ്രോജക്ട് സംബന്ധിച്ച് | 1-26 |
| 39 | ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം- അപാകതകൾ. | 1-27 |
| 40 | ആശ്രയ പ്രോജക്ട്- തുക ചെലവഴിച്ചിട്ടില്ല | 1-28 |
| 41 | എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ മരാമത്ത് പ്രവൃത്തി നിർവ്വഹിച്ചു | 1-29 |
| 42 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി- അപാകതകൾ | 1-30 |
| 43 | ഹോമിയോ ഓഫീസർക്ക് കണ്ടിജൻസി ചാർജ് - വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-മറ്റ് അപാകതകൾ | 1-31 |
| 44 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് -അപാകതകൾ | 1-32 |
| 45 | ഞങ്ങളും കൃഷിയിലേക്ക് -സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - വൗച്ചർ സൂക്ഷിച്ചിട്ടില്ല | 1-33 |
| 46 | എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ | 1-34 |
| 47 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ | 1-35 |

| | | |
|---|---|---|
| | അപാകതകൾ. | |
| 48 | വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- 1491884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം- അപാകതകൾ. | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2023 തീയതിയിലെ 6(1) തീരുമാനം പ്രകാരം അംഗീകരിച്ച് 07/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വിവിധ വിഭാഗത്തിലുള്ള ഭൂമികളുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-2 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും

ലഭ്യമല്ല

26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ് .

1-1-3 ആസ്തി അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി ഒഴിവാക്കി

പഞ്ചായത്തിന്റ ആസ്തിയായ ടാർ റോഡുകൾ എന്ന ആസ്തി മൂല്യം(415110003-Roads Tarred) 2022-23 വർഷം ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമല്ല. 31/03/2023 ലെ ബാൻസ് ഷീറ്റിൽ ടാർ റോഡുകൾ ആസ്തിമൂല്യം പൂജ്യം ആണ്.

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-5 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

1-1-6 Prior Period Income/Expenditure - അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-7 വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺ ട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-9 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199

ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല.

1-1-10 ക്ലീൻ കേരള കമ്പനിയിലെ നിക്ഷേപം അഡ്വാൻസായി അക്കൗണ്ട് ചെയ്തില്ല

22/23 നം. പ്രോജക്ട് പ്രകാരം Clean Kerala Company-യിൽ മുൻകൂർ തുക 38,232/- രൂപ നിക്ഷേപിച്ചത് അഡ്വാൻസായി അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2023 ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ അഡ്വാൻസായി ഉൾപ്പെട്ടിട്ടില്ല .

1-1-11 ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം റോഡുകളും പാലങ്ങളും ഇനത്തിൽ 47.47 ലക്ഷം രൂപയുടെ ആസ്തി മാത്രമാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ റോഡുകളും പാലങ്ങളും ഇനത്തിലുള്ള 31/03/2023 ലെ സഞ്ചിത മൂല്യശോഷണം 80.67 ലക്ഷം രൂപയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-12 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ടും (കേരളാ ഗ്രാമീണ ബാങ്ക് അക്കൗണ്ട് നം.4062610105966) ആശ്രയ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടും (കേരളാ ഗ്രാമീണ ബാങ്ക് അക്കൗണ്ട് നം.40626101006940) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 23.02.2023 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 7,06,750 |
| വരവ് | 11,74,22,000 |
| ആകെ | 11,81,28,750 |
| ചെലവ് | 11,71,65,500 |
| നീക്കിയിരിപ്പ് | 9,63,250 |

ബജറ്റ് പ്രകാരം 11.74 കോടി രൂപയുടെ പ്രതീക്ഷിത വരവും 11.71 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 6.82 കോടി രൂപയും ചെലവ് 7.20 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 25,56,117 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,58,70,243 |
| ആകെ | 2,84,26,360 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,21,69,128 |
| നീക്കിയിരിപ്പ് | 62,57,232 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 68205880 |
| ആകെ ചെലവ് | 72077572 |
| വരുമാന നഷ്ടം | (3871692) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (126929) |
| അറ്റ പ്രവർത്തന നഷ്ടം | (3998621) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 19123 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2450165 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11335000 | 11335000 | 9675471 | 1659529 | 85.35 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1420000 | 1420000 | 1237199 | 182801 | 87.12 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3832000 | 3832000 | 3786269 | 45731 | 98.80 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6985000 | 6985000 | 2121871 | 4863129 | 30.37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 3783207 | 786793 | 82.78 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 960249 | 1932326 | 2892575 | 1939327 | 953248 | 67.04 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied )(-) | 23932 | 4085358 | 4061426 | 1563673 | 2497753 | 38.5 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 22301 | 14049495 | 14071796 | 14063398 | 8398 | 99.94 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 156856 | 404814 | 561670 | 344032 | 217638 | 61.25 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ക്രഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ വരവ് വന്ന

70427/- രൂപ അൺടൈഡ് വിഭാഗത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1134031/-രൂപ, 127698/-രൂപ, 510077/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 178/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 260415 | വികസനഫണ്ട് പൊതുവിഭാഗം |
| 192/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 260416 | വികസനഫണ്ട് പൊതുവിഭാഗം |
| 177/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 181/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 191/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1134031 | |
| 179/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 63849 | വികസനഫണ്ട് എസ്.സി.പി. |
| 193/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 63849 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 127698 | |
| 180/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 255038 | വികസനഫണ്ട് ടി.എസ്.പി. |

| | | |
|---|---|---|
| ( ടി.എസ്.പി.) | | |
| 194/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 255039 | വികസനഫണ്ട് ടി.എസ്.പി. |
| ആകെ | 510077 | |

1-5 പദ്ധതിഅവലോകനം.

2022-23 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 10.05.2022 ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 17.05.2022 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 16.05.2022 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 22.05.2022 മുതൽ 27.05.2022 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 15.06.2022 ലാണ്. 31.08.2022 മുതൽ 17.09.2022 വരെയുള്ള തീയതികളിൽ ഗ്രാമസഭായോഗങ്ങൾ ചേർന്ന് ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 26.05.2022 ലും ഊരുകൂട്ടം 22.05.2022 മുതൽ 26.05.2022 വരെയും യോഗം ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 18.04.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 06.03.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 174 | 63944208 | 140 | 32965418 | 34 | 80.45 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1023000 | 7 | 891172 |
| വെറ്റിനറി സർജൻ | 10 | 2498000 | 9 | 1998000 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 7 | 1081161 | 5 | 689623 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 982650 | 4 | 979761 |
| വി.ഇ.ഒ | 16 | 27665012 | 14 | 11265519 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 3523467 | 12 | 2020520 |
| സെക്രട്ടറി | 47 | 9513820 | 44 | 7591671 |
| അസിസ്റ്റന്റ് എൻജിനീയർ | 55 | 15515098 | 33 | 5801080 |
| ഫിഷറീസ് സബ് | 2 | 160000 | 2 | 88000 |

| | | | | |
|---|---|---|---|---|
| ഇൻസ്പെക്ടർ | | | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 950000 | 2 | 650000 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 9 | 1032000 | 8 | 990072 |
| ആകെ | 174 | 63944208 | 140 | 32965418 |

7537983 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 7537983/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 11335000 | 9675471 | 1659529 |
| വികസന ഫണ്ട് (എസ്.സി.പി) | 1420000 | 1237199 | 182801 |
| വികസന ഫണ്ട് (ടി.എസ്.പി) | 3832000 | 3786269 | 45731 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6985000 | 2121871 | 4863129 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4570000 | 3783207 | 786793 |
| ആകെ | | | 7537983 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 75 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 2066694 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 2066694/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 407900/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1658794/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 2092 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 115 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 90 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 35 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 140.63 ലക്ഷം രൂപ. 24163 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 145 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 95 അയൽക്കൂട്ടങ്ങളിൽ 95 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 451 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, പടുതാക്കുളം നിർമ്മാണം, കിണർ, കിണർ റീചാർജ് തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.
(ഓഡിറ്റ് റിക്കവറി ഇനത്തിൽ 6002/- രൂപ വരവും ചെലവും ഉള്ളത് കാഷ് ബുക്കിലും AFS ലും ഉൾപ്പെടുത്തിയിട്ടുണ്ട്).

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 22301 | 789860 | 812161 | 803763 | 8398 |
| ഇ.എഫ്.എം.എസ് | 0 | 13259635 | 13259635 | 13259635 | 0 |
| ആകെ | 22301 | 14049495 | 14071796 | 14063398 | 8398 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2160 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1177000 | 102 |
| വിധവാ പെൻഷൻ | 2837300 | 262 |
| വാർദ്ധക്യകാല പെൻഷൻ | 10353000 | 955 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1105000 | 99 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 336000 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 തീയതിയിൽ 3.20 പി എം-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1742/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. കാര്യക്ഷമമായ ജോലി വിഭജനം, പേറോൾ നിയന്ത്രണം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. പദ്ധതി നിർവഹണത്തിൽ കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം നിലനിൽക്കുന്നു. പൊതുവിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും തമ്മിലുള്ള കൃത്യമായ ഏകോപനത്താലും മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണത്താലും വാർഷിക പദ്ധതിയിലൂൾപ്പെടെ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2022 | 2021-22 | 19.09.2022 |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 07.05.2018-18.05.2018 | 2017-18 | എൽ ബി എ (എച്ച് ക്യു) II/II/8A-42/2018-19/37 തീയതി 18.06.2018 |

## 1-11 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
| 1 | 1/125 A | ജോസ് ജോർജ് | ഈരാറ്റുപേട്ട -തൊടുപുഴ | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 2 | 1/129 B | ജോസ് ഡാനിയൽ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 6/111 | എലിസബത്ത് ജോസഫ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 6/57 A | മേരിക്കുട്ടി ജോണി | ചാലമാറ്റം -ഇരുമാപ്ര | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 6/35 D | ജിഷാമോൾ ജോർജ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | 6/108 | പി ടി ശാമുവേൽ | കോണിപ്പാട് -വാകക്കാട് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 6/158 | അന്നമ്മ ജോസഫ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 9 | 13/184 C | വി എസ് ജോർജ് | കുരിശിങ്കൽ - കുളത്തിക്കണ്ടം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 10 | 13/214 | ജോസഫ് ടി ഐ | | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/14.08.23) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-12 വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണയിച്ചിരിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട അപേക്ഷകളിൽ രേഖപ്പെടുത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമ | നിലവിലെ ഉപയോഗക്രമം | സഞ്ചയ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 4/31 A | സെക്രട്ടറി , മേലുകാവ് KUCS | വാണിജ്യം | പാർപ്പിടാവശ്യം |
| 2 | 7/75 | സെക്രട്ടറി , മേലുകാവ് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | വാണിജ്യം | വ്യവസായാവശ്യം |

| | | | | |
|---|---|---|---|---|
| 3 | 7/138A | ആൻസിയമ്മ ജെയിംസ് | വാണിജ്യം | പാർപ്പിടാവശ്യം |

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1-ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/11.08.2023) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം ഉണ്ടാക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 പെർമിറ്റ് അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ വിസ്തീർണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചു

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. ജെൻസ് മൈക്കിൾ, കള്ളിക്കാട്ട് എന്നയാൾക്ക് പാർപ്പിടാവശ്യത്തിനായി 113.75 M2 വിസ്തീർണ്ണമുള്ള ഒറ്റനില കെട്ടിടം പണിയുന്നതിനായി പെർമിറ്റ് (പെർമിറ്റ് നമ്പർ A4.BA(12874)2020/12.08.2020-11.08.2025) നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ, ഫോം-6 എന്നിവ പരിശോധിച്ചപ്പോൾ ടിയാളുടെ കെട്ടിടത്തിന് X/104 A എന്ന നമ്പർ നൽകിയിട്ടുള്ളതായും, ടി കെട്ടിടത്തിന് രണ്ട് നിലകളിലായി 179.42 M2 വിസ്തീർണമുള്ളതായും (ഗ്രൗണ്ട് ഫ്ലോർ -113.75 M2, ഒന്നാം നില -65.67 M2) രേഖപ്പെടുത്തി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഈടാക്കുന്ന 7/m2 നിരക്കിൽ ബാധകമായ ഇളവുകൾക്കും വർധനവുകൾക്കും ശേഷം 1248/- രൂപ നികുതി ചുമത്തിയിട്ടുള്ളതായി കാണുന്നു.

പെർമിറ്റ് നൽകിയതിലും കൂടുതൽ വിസ്തീർണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ക്രമവൽക്കരണം നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/11.08.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്കരണം - സർക്കാർ ഉത്തരവ് ലംഘിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അഞ്ചുവർഷം കൂടുമ്പോൾ പരിഷ്കരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത് 1.04.2013 പ്രാബല്യത്തിൽ ആണെന്നും ഗ്രാമപഞ്ചായത്തുകളിലെ തനത് വരുമാനം കൂട്ടുന്നതിനായി വസ്തുനികുതി പരിഷ്കരണം അനിവാര്യമാണെന്നും ആറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ.ഉ (കൈ) നം. 77/2022/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലും

നഗരസഭകളിലും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും സ.ഉ.(പി) നം.25/2023/ത.സ്വ. ഭ.വ തീയതി 05.04.2023 പ്രകാരം പഞ്ചായത്തുകളിലെ നിലവിലുള്ള അസസ്മെൻറ് പ്രകാരമുള്ള വസ്തുനികുതി നിരക്ക് വർഷംതോറും 5% വർധിപ്പിച്ചുകൊണ്ടും സർക്കാർ ഉത്തരവ് ആയിട്ടുള്ളതാണ്. എന്നാൽ ഗ്രാമീണ മേഖലയായ, കൂലി തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്ന മേലുകാവ് പഞ്ചായത്തിലെ ജനങ്ങൾക്ക് ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് അധികബാധ്യത സൃഷ്ടിക്കുമെന്നും ആയതിനാൽ 2023-24 സാമ്പത്തികവർഷത്തിൽ മേൽ ഉത്തരവുകൾ പ്രകാരമുള്ള വസ്തുനികുതി വർദ്ധനവ് മേലുകാവ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ടതില്ല എന്ന് സൂചിപ്പിച്ച് പഞ്ചായത്ത് മെമ്പർ ആയ ശ്രീ. ബെഞ്ചമിൻ തടത്തിപ്ലാക്കൽ 19.05.23 തീയതിയിൽ പഞ്ചായത്ത് കമ്മിറ്റിയിൽ പ്രമേയം അവതരിപ്പിക്കുകയും പ്രമേയം മൂന്നിനെതിരെ 8 വോട്ടുകൾക്ക് സെക്രട്ടറിയുടെ വിയോജന കുറിപ്പോടെ പാസ്സാക്കുകയും ചെയ്തു. ആയതിനെ തുടർന്ന് 1(1) നമ്പർ തീരുമാനമായി ടി പ്രമേയം അംഗീകരിച്ച് നടപ്പാക്കുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

സർക്കാർ പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണ മാർഗ്ഗനിർദ്ദേശ ഉത്തരവ് നടപ്പിലാക്കേണ്ട എന്ന തീരുമാനത്തിലൂടെ ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നതാണ് എന്നത് പരിഗണിച്ചും സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കാതിരിക്കുന്നതിനുള്ള തീരുമാനം പഞ്ചായത്തിന്റെ അധികാര സീമ ലംഘിക്കുന്നതുമാകയാൽ ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തുകയും സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറി, കമ്മിറ്റി തീരുമാനം ബഹു. കേരള സർക്കാരിൻെ പരിഗണനയ്ക്കായി അയച്ചതിനെ തുടർന്ന് 30.06.2023 തീയതിയിലെ ആർ.സി.2/407/2023/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ 29.05.2023 തീയതിയിലെ 1(1) നമ്പർ ഉത്തരവ് മരവിപ്പിക്കുകയും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി അയക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 തീയതിലെ 2(1) നമ്പർ തീരുമാനപ്രകാരം വസ്തുനികുതി അടിസ്ഥാന നികുതിയിൽ നിന്നും എല്ലാ വർഷവും അഞ്ച് ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനും 2022-23 വർഷം മുതൽ വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്കായി പുതുക്കിയ വസ്തുനികുതി നിർണ്ണയം അംഗീകരിക്കുകയും ആയത് വിവിധ ദിനപത്രങ്ങളിലും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

വസ്തു നികുതി പരിഷ്കരണം നടപ്പാക്കേണ്ടതില്ലെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ ആദ്യ തീരുമാനം ഓംബുഡ്സ്മാന്റെ പരിഗണനയിലായതിനാൽ നിലവിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ കൂടാതെ സർക്കാർ ഏല്പിക്കുന്ന മറ്റ് ചുമതലകളും ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. അധിക ചുമതലകൾ ലഭിക്കുന്നത് കാര്യക്ഷമമായി നിർവഹിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. തനതു വരുമാനം തീരെ കുറഞ്ഞ പഞ്ചായത്തിൽ ഗ്യാപ് ഫണ്ട് വാങ്ങിയാണ് ദൈനം ദിന ചെലവുകൾ നിർവ്വഹിക്കുന്നത്. 2022-23 വർഷം 2013974 രൂപ ഗ്യാപ് ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭ്യമായിട്ടുള്ളതുമാണ്. ദൈനംദിന ചെലവുകൾ നിർവ്വഹിക്കുവാൻ പോലും പാടുപെടുന്ന പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം വേണ്ടെന്ന് വയ്ക്കുവാനുള്ള തീരുമാനമെടുത്തതിന്റെ സാംഗത്യം വ്യക്തമല്ല. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളുടേയും വസ്തു നികുതി പരിഷ്കരിക്കുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. സർക്കാരിന്റെ നയപരമായ തീരുമാനം നടപ്പാക്കുന്നില്ല എന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിക്കില്ല. പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്വമില്ലാത്ത പ്രസ്തുത തീരുമാനം മൂലം വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. നയപരമായ സംഗതികളിൽ പഞ്ചായത്ത് ഭരണസമിതിക്ക് തീരുമാനം എടുക്കേണ്ടി വരുമ്പോൾ കൂടുതൽ പക്വതയോടും ദീർഘവീക്ഷണത്തോടും

കൂടിയ സമീപനം സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി 10.07.2023 തീയതിലെ വസ്തുനികുതി പരിഷ്കരണം നടപ്പാക്കാൻ എടുത്ത 2(1) നമ്പർ തീരുമാനത്തിന്റെ വിശദാംശങ്ങൾ ബഹു. ഓംബുഡ്സ്മാൻ മുൻപാകെ അറിയിച്ച് കേസ് അവസാനിപ്പിച്ച് വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-15 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67059722283 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നതെന്ന് പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്- 2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 9,377/-(cheque Deposited But Not Cleared) രൂപ ലഭിക്കാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ IKM മായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി

48 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, ക്ഷീരസംഘങ്ങൾ തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | കോലാനി KUCS |
| 2. | പയസ്മൗണ്ട് KUCS |
| 3. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിങ് ആൻഡ് സോഫ്റ്റ് സ്കിൽസ്, ഇടമറുക് |
| 4. | മൈത്രി ഫുഡ്സ് |
| 5. | BLAZE ഗ്യാസ് ഏജൻസി |
| 6. | വാഴചാരിക്കൽ ഫൈനാൻസിയേഴ്സ് |
| 7. | DELHIVERY ഓഫീസ്, മേലുകാവ് |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/11.08.2023) നൽകിയതിന് ഏതാനും സ്ഥാപനങ്ങൾ പ്രവർത്തനം

ഇല്ലാത്തതാനെന്നും മറ്റ് ചില സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നും അറിയിച്ചു. മറുപടി പരിഗണിച്ച് ടി സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. 2022-23 പ്രാബല്യത്തിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി നികുതി ലിസ്റ്റ് പരിഷ്കരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പടെ ലഭ്യമാക്കേണ്ടതാണ്.

## 1-17 എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരളം പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പല ഘട്ടങ്ങളായോ 60 ദിവസമെങ്കിലും ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ മേലുകാവ് ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | സ്ഥാപനം/ഉടമ | കെട്ടിട നം. | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | സെന്റ് ആന്റണീസ് ബ്രിക്ക്സ് ഷാജി ജോസഫ് | 8/93 B | 30/22-23/B-1/841/22 | 6 |
| 2 | വടക്കേൽ ഇൻഡസ്ട്രീസ് അജോ അബ്രഹാം | 8/3 | 12/21-22/B-1/837/22 | 5 |
| 3 | സെന്റ് ജോർജ് ബ്രിക്സ് ലീജ ബിജു | 8/10 D | 50/22-23/JC-1/22 | 4 |
| 4 | മാറാമറ്റത്തിൽ കാറ്ററേഴ്സ് ഷൈനി ഡാന്റി | 5/176 | 28/21-22/B-1/837/22 | 3 |
| 5 | ഓറഞ്ച് മിനി സൂപ്പർ മാർക്കറ്റ് റീന ജോർജ് | 5/171 B | JC1-1413/2022 | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് 08.08.2023 ൽ നൽകിയ എൻക്വയറി നം.03 ന് മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കത്ത് നല്കിയിട്ടുള്ളതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ

പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോ. എൻ ജെ ഐസക്ക് എന്നയാളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ക്ലിനിക്ക്, ഡോ. ആലീസ് ജോസ് എന്നയാൾ നടത്തുന്ന ആൽഫിയ ഹോമിയോ ക്ലിനിക്ക് എന്നീ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/14.08.2023) പ്രൈവറ്റ് ക്ലിനിക്കിന് നോട്ടീസ് നൽകിയിട്ടും ലൈസൻസെടുത്തിട്ടില്ലെന്നും ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആൽഫിയ ഹോമിയോ ക്ലിനിക്ക് എന്ന സ്ഥാപനത്തിന്റെ ഉടമ വീട്ടിലാണ് പ്രാക്ടീസ് ചെയ്യുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത് . സ്വന്തം ഭവനത്തിലാണ് ക്ലിനിക്ക് സ്ഥാപിച്ച് പ്രാക്ടീസ് ചെയ്യുന്നതെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270 പ്രകാരം സ്വകാര്യ ക്ലിനിക്കുകൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-19 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നല്കുന്നതും എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2022-23 വർഷം പെർമിറ്റ് നല്കിയ ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട് എങ്കിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം./പേര് | ടെറസ് റൂഫിംഗ് ഏരിയ (ഏകദേശം) | ഈടാക്കേണ്ടിയിരുന്ന ഫീസ് @ 7/ച.മീ |
|---|---|---|
| A4-BA(370025)2022/25.11.2022 ശ്രീമതി ഏലിക്കുട്ടി കുര്യൻ | 157.45 ച.മീ | 1102/- |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/16.08.2023) മറുപടി ലഭ്യമാക്കിയില്ല. ന്യൂനത സംബന്ധിച്ച് പരിശോധന നടത്തി ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-20 സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല

ശ്രീമതി എലിസബത്ത് ജോഷി, മഷികല്ലുങ്കൽ എന്നയാൾക്ക് പാർപ്പിടാവശ്യത്തിനായി കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്നും A4-BA(206127)/2022 തീ: 22.06.2022 നമ്പറായി പെർമിറ്റ് അനുവദിച്ചുനൽകിയിട്ടുണ്ട്. സൈറ്റ് പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിനോട് (BUILT-UP AREA -101.50 M2) ചേർന്ന് സെല്ലാർ ഉള്ളതായി കാണുന്നു. കൂടാതെ സൈറ്റ് വെരിഫിക്കേഷൻ നടത്തിയ LSGD ഓവർസീയറുടെ റിപ്പോർട്ടിലും സെല്ലാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ Appendix B2 പ്രകാരമുള്ള ബിൽഡിങ് പെർമിറ്റ് സർട്ടിഫിക്കറ്റിൽ സെല്ലാറിന്റെ ബിൽറ്റപ്പ് ഏരിയ 92.98 M2 ആയി രേഖപ്പെടുത്തി ആകെ ബിൽറ്റപ്പ് ഏരിയ ആയ 194.48

M2 നാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. എന്നാൽ സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കാതെ ഗ്രൗണ്ട് ഫ്ലോറിന്റെ ബിൽറ്റപ്പ് ഏരിയ ആയ 101.50 M2 ന മാത്രമാണ് പെർമിറ്റ് ഫീ ഈടാക്കിയിട്ടുള്ളത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/11.08.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അനന്തര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-21 വാടക വരുമാനത്തിന് ജി എസ് ടി ഈടാക്കിയില്ല

2022-23 വർഷം പഞ്ചായത്ത് ഓഡിറ്റോറിയം വാടകയ്ക്ക് നൽകിയ വകയിൽ 7500/- രൂപ വരുമാനമുണ്ട്. എന്നാൽ വാടക വരുമാനത്തിന് 18% ജി എസ് ടി ഈടാക്കേണ്ടതായിരുന്നു. ജി എസ് ടി ഈടാക്കാത്തതുമൂലം സർക്കാരിന് 1350/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് (നം. 22/14.08.2023) മറുപടിയായി വരും വർഷങ്ങളിൽ വാടകയോടൊപ്പം 18% ജി എസ് ടി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ വാടക വരുമാനത്തിന് ജി എസ് ടി ഈടാക്കേണ്ടതാണ്.

1-22 വിഭവ സമാഹരണം - അവലോകനം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി കാര്യമായ നിർദ്ദേശങ്ങളൊന്നുമില്ല. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ , രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യൂ ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

വസ്തുനികുതി പരിഷ്കരണം

തനതു വരുമാനത്തിൽ ഭൂരിഭാഗവും റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിലുള്ള വരുമാനമാണ്. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം നിലവിൽ നടപ്പാക്കിയിട്ടില്ല. 2023-24 വർഷത്തിൽ വസ്തുനികുതി പരിഷ്കരണം നടപ്പാക്കേണ്ടതില്ലെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 19.05.2023 ലെ 1(1) നമ്പർ തീരുമാനം സർക്കാർ റദ്ദാക്കുകയും വിഷയം തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കയക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 തീയതിലെ 2(1) നമ്പർ തീരുമാനപ്രകാരം വസ്തുനികുതി അടിസ്ഥാന നികുതിയിൽ നിന്നും എല്ലാ വർഷവും അഞ്ച് ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനും 2022-23 വർഷം മുതൽ വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്കായി പുതുക്കിയ വസ്തുനികുതി നിർണ്ണയം അംഗീകരിക്കുകയും ആയത് വിവിധ ദിനപത്രങ്ങളിലും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും

പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു. വസ്തു നികുതി പരിഷ്കരണം നടപ്പാക്കേണ്ടതില്ലെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ ആദ്യ തീരുമാനം ഓംബുഡ്സ്മാന്റെ പരിഗണനയിലായതിനാൽ നിലവിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. FTE & OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തിയത് എങ്ങനെ എന്ന് വ്യക്തമല്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോൾ പമ്പ് പോലുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. എന്നാൽ ₹5000ത്തിൽ താഴെ ലൈസൻസ് ഫീസ് മാത്രമാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻകട ലൈസൻസികളിൽനിന്നും കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല. ഈ വിഭാഗത്തിലുള്ളവരുടെ കൂടി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നിലവിൽ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നുണ്ട്.

നികുതിയേതര വരവുകൾ

പഞ്ചായത്ത് ഇതര വിഭവ ശ്രോതസ്സുകളായ പൈതൃകമായി ലഭിച്ചിട്ടുള്ള വിനോദസഞ്ചാരമേഖല, കാർഷിക മേഖല എന്നിവയിൽ കൂടുതൽ പദ്ധതികൾ രൂപീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള ഇലവീഴാപൂഞ്ചിറ സമീപ പ്രദേശങ്ങളായ അയ്യമ്പാറ, ഇല്ലിക്കൽ കല്ല്, മാർമല അരുവി എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി സമീപ പഞ്ചായത്തുകളുടെ സഹകരണത്തോടെ ടൂറിസ്റ്റ് പാക്കേജ് ആവിഷ്കരിച്ച് പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

1-23 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

മേലുകാവ് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ചെയ്ത തീയതി | | | |
| 1 | 41/23 വാർഡ് - 7 ലെ അംഗൻവാടി പുനരുദ്ധാരണം | ഷാജി മാത്യു, കണ്ടത്തിൽ, മൂന്നിലവ് | 06.02.22 | 25.02.22 | 363805 | 3638 |
| 2 | 45/23 ഇടമറുക് സി.എച്ച്.സി.ക്ക് കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം | ഷാജി മാത്യു, കണ്ടത്തിൽ, മൂന്നിലവ് | 06.02.22 | 25.02.22 | 528169 | 5281 |
| 3 | 39/23 പൊൻപുഴ അപ്രോച്ച് റോഡ് കോൺക്രീറ്റിംഗ് | ഷാജി മാത്യു, കണ്ടത്തിൽ, മൂന്നിലവ് | 06.02.22 | 25.02.22 | 526184 | 5262 |
| | ആകെ | | | | | 14181 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറികൾക്ക് (7/10.8.23, 11/11.8.23) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും 14181 രൂപ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 പഞ്ചായത്ത് ബിൽഡിംഗിൽ സി.സി.റ്റി.വി.സ്ഥാപിക്കൽ- ടെൻഡർ നടപടികളിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം സെക്രട്ടറി പഞ്ചായത്ത് ബിൽഡിംഗിൽ സി.സി.ടി.വി. സ്ഥാപിക്കൽ (SO/83/23) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 71/25.03.23 പ്രകാരം 85990/രൂപ ചെലവഴിച്ച് സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. എ2/163/23/23.02.23 പ്രകാരം പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ചു. ഇത് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ പി.ജെ. ഡിജിറ്റൽ സിസ്റ്റം, മുട്ടം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ലഭ്യമായ അഞ്ച് ക്വട്ടേഷനുകൾ പരിശോധിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ക്വിൻസ് ടെക്നോളജീസ് കൊച്ചി എന്ന സ്ഥാപനമാണ്. ടെണ്ടർ നോട്ടീസിൽ പൈപ്പിംഗ് ആന്റ് കേബിളിംഗിന്റെ അളവ് രേഖപ്പെടുത്തിയിരുന്നില്ല. തൻമൂലം പ്രസ്തുത ഇനത്തിന് Shall Be Billed As Per Actuals Qty / Meter Used At Site എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇക്കാരണത്താലാണ് പ്രസ്തുത ക്വട്ടേഷൻ നിരസിച്ചതും അളവ് എത്രയെന്ന് വ്യക്തതയില്ലാതെ അടങ്കൽ രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 06.03.23 തീയതിയിലെ 5 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതും. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/ 11.8.23 ന് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷനിൽ 14 സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിനുള്ള ആകെ തുക ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത് എന്നും പിന്നീട് യാതൊരു തുകകളും അനുവദിക്കുന്നതല്ല എന്നും ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിരുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ

നോട്ടീസിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കേണ്ടത് എവിടെയൊക്കയാണ് എന്നോ, എത്ര മീറ്റർ കേബിളിംഗ് നടത്തേണ്ടതുണ്ട് എന്നോ വ്യക്തമാക്കിയിരുന്നില്ല. ഇതിനാൽ തന്നെ യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുകയാണോ കേബിളിംഗിന് അനുവദിച്ചത് എന്നും വ്യക്തമല്ല. ക്വട്ടേഷനുകൾ ക്ഷണിക്കുമ്പോൾ യഥാർത്ഥ വസ്തുതകൾ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് നടത്തിപ്പിൽ അപാകത.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ.26/23 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ ) (സ്പിൽ ഓവർ) പ്രകാരം വികസനഫണ്ട് ടി.എസ്.പി യിൽ നിന്നും ബിൽ നമ്പർ 27/21.10.22 പ്രകാരം 438790/ രൂപ ചെലവഴിച്ച് ജെം പോർട്ടൽ വഴി 11 ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ മൂന്ന് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിയത് കോഴ്സ് പൂർത്തീകരിച്ച് മാസങ്ങൾക്ക് ശേഷമാണ് എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്നേഹ ജയിംസ്, വട്ടക്കല്ലുങ്കൽ എന്ന ഗുണഭോക്താവ് 2022 ഏപ്രിൽ മാസം ബി.എ.ഹിസ്റ്ററി കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. ലാപ്ടോപ്പ് നൽകിയത് 21.10.22 ന് ശേഷം മാത്രമാണ്.

2) ശ്വേതാ ജോസ്പ്രകാശ്, മുണ്ടപ്പള്ളിൽ, എന്ന ഗുണഭോക്താവ് 2022 ഏപ്രിൽ മാസം ബി.എ.ഹിന്ദി കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. ലാപ്ടോപ്പ് നൽകിയത് 21.10.22 ന് ശേഷം മാത്രമാണ്.

3) ദിയ.വി.ജയിംസ്, വയൽമുണ്ടക്കൽ, എന്ന ഗുണഭോക്താവ് 2022 ഏപ്രിൽ മാസം ബി.എ. മലയാളം കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. ലാപ്ടോപ്പ് നൽകിയത് 21.10.22 ന് ശേഷം മാത്രമാണ്.

മേൽ പ്രസ്താവിച്ച മൂന്ന് ഗുണഭോക്താക്കളും തുടർ വിദ്യാഭ്യാസം നടത്തുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 17/22-23/ 11.08.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ മൂന്ന് ലാപ് ടോപ്പുകൾക്കായി ചെലവഴിച്ച 119670/- ( 39890x3) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 കുടിവെള്ള ടാങ്ക് (എസ്.ടി) പ്രോജക്ട് സംബന്ധിച്ച്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 83/23 കുടിവെള്ള ടാങ്ക് (എസ്.ടി) പ്രകാരം വികസനഫണ്ട് ടി.എസ്.പി വിഭാഗത്തിൽ നിന്നും ബിൽ നമ്പർ 34/24.3.23 പ്രകാരം 48000/ രൂപ പിൻവലിച്ച് 16ഗുണഭോക്താക്കൾക്ക് കുടിവെള്ളടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. വി.എസ്, ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടോംസ് എന്ന കമ്പനിയുടെ അഞ്ച് വർഷ വാറണ്ടിയുള്ള ടാങ്ക് ഒന്നിന് 3000/രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഫിലിപ്സൺ എന്റർപ്രൈസസ് എന്ന സ്ഥാപനം 2780/- അക്വാ ഫൈൻ എന്ന കമ്പനിയുടെ മൂന്ന് ലെയർ ടാങ്ക് പത്ത് വർഷം വാറണ്ടിയുള്ളത് വിതരണം ചെയ്യാം എന്ന് ക്വോട്ട് ചെയ്തിട്ടുണ്ട്. വി.എസ്, ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വിതരണം ചെയ്യാം എന്ന് ക്വോട്ട് ചെയ്ത ടാങ്ക് എത്ര ലെയർ എന്ന് പറഞ്ഞിരുന്നില്ല. ഇത് പ്രകാരം കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ഫിലിപ്സൺ എന്റർപ്രൈസസ് എന്ന സ്ഥാപനമാണ്. ഇത് പ്രകാരം ടാങ്ക് ഒന്നിന് 220/- രൂപയുടെ (3000- 2780) അധികചെലവ് ഉണ്ടായിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/ 11.8.23 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത വാങ്ങൽ സംബന്ധിച്ച് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം എടുത്തിട്ടില്ല. ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തെ മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കുന്നത് ക്രമപ്രകാരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം- അപാകതകൾ.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ101/23 ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം) പ്രകാരം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 30/28.2.23 പ്രകാരം 112500/ രൂപ ജ്വവൽ ഹിതകർമ്മസേന യൂണിറ്റിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിന്റെ ( അക്കൗണ്ട് നമ്പർ 40626101057254 ) മേലുകാവ് ശാഖയിൽ നിന്നും യൂണിറ്റിന് 150000/-രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിനായുള്ള ആകെ ചെലവ് 124503/-രൂപ (ഹാജരാക്കിയ ബില്ലുകൾ പ്രകാരം) മാത്രമാണ്. ഇതനുസരിച്ച് അനുവദിക്കാവുന്ന സബ്സിഡി 93377/-രൂപ മാത്രമാണ്. 19123 രൂപ അധികമായി അനുദിച്ചതായി കാണുന്നു. കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിലെ 40626101057254 നമ്പർ അക്കൗണ്ടിലേക്കാണ് 28.02.2023 ൽ തുക ട്രാൻഫർ ചെയ്തിട്ടുള്ളത്. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 39095/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ലോൺ അക്കൗണ്ടിൽ 15.3.23 ൽ 94447/- രൂപ അടവാക്കാൻ അവശേഷിക്കുന്നു. 15.3.23 ന് ശേഷം പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. ലോൺ എടുത്ത 150000/-രൂപ പോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സബ്സിഡി തുക ചെലവഴിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/22-23/ 11.08.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലോൺ എടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത സാഹചര്യത്തിലാണ് സബ്സിഡി തുകയും ബാങ്കിലേക്ക് നൽകിയത്. ഈ തുകയിൽ 39095/-രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത്. സബ്സിഡി തുക എന്തിനാണ് ചെലവഴിച്ചത് എന്നും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 19123/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കി തുകയായ 93377/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 ആശ്രയ പ്രോജക്ട്- തുക ചെലവഴിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവിവഹണം നടത്തിയ ആശ്രയ പ്രോജക്ട് (പ്രോജക്ട് നമ്പർ 169/23) പ്രകാരം വികസന ഫണ്ടിൽ നിന്നും 150000-/- രൂപ ( ബിൽ 77/ 29.03.23) കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്കിലെ 40626101006940 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആശ്രയ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അവശ്യസാധനങ്ങൾ വാങ്ങി നൽകുന്നതിനാണ് കുടംബശ്രീക്ക് തുക കൈമാറിയത്. ത്രിവേണി സൂപ്പർ മാർക്കറ്റ് ഈരാറ്റുപേട്ടയിൽ നിന്നുള്ള രണ്ട് ബില്ലുകളുടെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റേയോ, ലഭ്യമായ സാധനങ്ങൾ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ വിവരം ഉൾപ്പടെ) ഓഡിറ്റിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/22-23/ 09.08.23 ന് ലഭ്യമാക്കിയ മറുപടിയിൽ മെമ്പർ സെക്രട്ടറി ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത് എന്നും നിലവിൽ തുക ചെലവഴിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ മെമ്പർ സെക്രട്ടറിയെ മാറ്റി പുതുതായി ചാർജ് നൽകിയിട്ടുണ്ടെങ്കിലും രേഖകൾ കൈമാറിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങാതെ എപ്രകാരമാണ് മെമ്പർ സെക്രട്ടറി ബില്ലുകൾ ഹാജരാക്കി തുക കൈപ്പറ്റിയത് എന്ന് വ്യക്തമല്ല. തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ 150000-/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ കൈപ്പറ്റുകയോ വിതരണം ചെയ്യുകയോ ചെയ്യാതെ ബില്ലുകൾ ഹാജരാക്കിയ സാഹചര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-29 എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ മരാമത്ത് പ്രവൃത്തി നിർവ്വഹിച്ചു

പ്രോജക്ട് നം. 174/23
കിഴക്കേപ്പാറ കുടിവെള്ള പദ്ധതിക്ക് മോട്ടോറും അനുബന്ധ സാമിഗ്രികളും സ്ഥാപിക്കൽ
അടങ്കൽ- 117106 രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )
ചെലവ്- 117000 രൂപ (ബിൽ നം. 22/22-23/ 29.3.23 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ജലധാര കോർപ്പ് & പമ്പ്സ് പാല എന്ന സ്ഥാപനത്തിന്റെ 27.3.23 ലെ D598-ാം നമ്പർ ഇൻവോയിസ് പ്രകാരം 10 HP സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങിയതിന് 99200 രൂപയും, കരാറുകാരന്റെ 27.3.23 ലെ 435-ാം നമ്പർ ഇൻവോയിസ് പ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിനുള്ള കൂലി ഇനത്തിൽ 17800 രൂപയും ഉൾപ്പടെ ആകെ 117000 രൂപ കരാറുകാരൻ ശ്രീ ഡെന്നി ജോസിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.
1) മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതായി കാണുന്നില്ല.
2) എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തുകയോ ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.
3) ബിൽ തുകയിൽ നിന്നും നിയമാനുസൃത കിഴിവുകൾ കുറവ് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ഒടുക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10/10.8.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരംഅറിയിക്കുന്നത് വരെ 117000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 48/23
അടങ്കൽ- 143340 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 116317 രൂപ ( വൗച്ചർ നം. XFC/22-23/P/35/തീയതി- 4.2.23 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2022-23 വർഷം സ്പിൽ ഓവറായി തുടർന്ന മേൽ പദ്ധതി പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിനായി 116317 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം ജില്ലാ ഓഫീസിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എസ്റ്റിമേറ്റ്, കരാർ എന്നിവ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിരുന്നില്ല.
അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/10.8.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എസ്റ്റിമേറ്റ് ഹാജരാക്കി. എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. കുടിവെള്ള പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 116317 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഹോമിയോ ഓഫീസർക്ക് കണ്ടിജൻസി ചാർജ് - വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-മറ്റ് അപാകതകൾ

മേലുകാവ് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള ആയുഷ് ആയുർവേദ ഡിസ്പെൻസറിയുടെ കണ്ടിജന്റ് ചെലവുകൾ നിർവഹിക്കുന്നതിലേക്കായി ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ഹോമിയോ മെഡിക്കൽ ഓഫീസർക്ക് കണ്ടിജൻസി ചാർജ് -24/23 |

| | |
|---|---|
| | ഹോമിയോ മെഡിക്കൽ ഓഫീസർക്ക് കണ്ടിജൻസി ചാർജ് - 165/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |
| അടങ്കൽ തുക | പ്രോജക്ട് നം . - 24/23<br>87,650/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)<br>പ്രോജക്ട് നം . - 165/23<br>1,45,000/- (വികസന ഫണ്ട് -ജനറൽ ) |
| ചെലവഴിച്ച തുക | 87,285/-(പ്രോജക്ട് നം . - 24/23 )<br>1,42,476/-(പ്രോജക്ട് നം . - 165/23)<br>ആകെ = 2,29,761/- |

മേൽ പ്രോജക്ടുകൾക്കായി സുലേഖ ചെലവ് പത്രിക പ്രകാരം 2,29,761/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1,75,035/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ഇലക്ട്രിസിറ്റി ബിൽ, എംപ്ലോയീ സാലറി എന്നീ ഇനങ്ങളിലാണ് മേൽ തുക ചെലവഴിച്ചിട്ടിട്ടുള്ളത്. 54,726/- രൂപയുടെ (പ്രൊജക്ട് നമ്പർ 24/23-19441/- പ്രൊജക്ട് നമ്പർ 165/23-35255/-) ചെലവ് രേഖകൾ ഇനിയും ലഭ്യമാക്കുവാനുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/08.08.23) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നമ്പർ 165/23 പ്രകാരം 142476/- രൂപ വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കയി വികസനഫണ്ട് ഉപയോഗിച്ചിട്ടുള്ളത് അനുവദനീയമല്ല. ആയതിനാൽ ടി പ്രോജക്ട് പ്രകാരം ചെലവഴിച്ച 142476/- രൂപയും പ്രോജക്ട് നമ്പർ 24/23 പ്രകാരം ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കാത്ത 19441/- രൂപയും ഉൾപ്പെടെ ആകെ 161917/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-32 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് -അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – 36/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ –ഹോമിയോ |
| അടങ്കൽ തുക | 2,00,000/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 2,00,000/- |
| ബിൽ നം./രസീത് നം./ തീയ്യതി/തുക | 7379/20.03.2023 |

1. മെഡിക്കൽ ഓഫീസർ - ഹോമിയോ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങലിനായി 200000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല .

2. മേൽ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായിരസീത് നം. 7379/20.03.2023 പ്രകാരം 200000/- രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും ലഭ്യമായ, മരുന്നുകളുടെ വിലവിവരം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രൊഫോർമ ഇൻവോയിസ് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. കൂടാതെ മരുന്നുകൾ ലഭ്യമല്ലെന്നുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും പരിശോധനയ്ക്കായി ഹാജരാക്കിയില്ല .

വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 01/08.08.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതും ഹോംകോയിൽ നിന്നും ലഭ്യമായ പെർഫോർമ ഇൻവോയിസ്, മരുന്നുകൾ ലഭ്യമല്ലെന്നുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഞങ്ങളും കൃഷിയിലേക്ക് -സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - വൗച്ചർ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. /പേര് | 80/23<br>ഞങ്ങളും കൃഷിയിലേക്ക് - സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| അടങ്കൽ | 200000/- രൂപ<br>(100000 രൂപ - വികസന ഫണ്ട്, 100000 രൂപ -ബ്ലോക്ക് വിഹിതം ) |
| ചെലവ് | 200000/- രൂപ<br>ബിൽ നമ്പർ<br>4981/09.01.23 - 88,300/-<br>0525/21.02.23 – 11,700/-<br>1420/04.03.23 – 80,700/-<br>4119/20.03.23 – 19,300/- |
| നിർവ്വഹണദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം 46 കർഷകർക്ക് പണിക്കൂലിക്ക് സബ്സിഡിയായി 200000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയലിനോടൊപ്പം തൊഴിലാളികൾക്ക് കൂലി നൽകിയതിന്റെ വൗച്ചർ ഹാജരാക്കിയിട്ടില്ല. കൂലിച്ചെലവ് നൽകിയതിന്റെ വൗച്ചർ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/16.07.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മുഴവൻ കർഷകരുടെയും കൃഷിയിടത്തിലെത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിനാലാണ് ധനസഹായം നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ നിയമപരമായിട്ടുള്ള വൗച്ചറുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ

ഹെഡ് മിസ്ട്രസ് നടപ്പിലാക്കിയ എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഭാഗമായി ആകെ 12 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഓരോ ഗുണഭോക്താവിനും 20000 രൂപ വീതമാണ് സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുള്ളത്. എന്നാൽ ഇന്റേണൽഷിപ്പ് ചെയ്യുന്ന ജോമിറ്റ ജോൺ എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.093/23 |
| അടങ്കൽ | 240000 |
| ചെലവ് | 240000(ബിൽ നമ്പർ-15/22-23/28.03.23) |

ജോമിറ്റ ജോൺ, തെക്കേപ്പറമ്പിൽ, ഇരുമാപ്ര എന്ന വിദ്യാർത്ഥി ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 2022-23 വർഷം ഇന്റേണൽഷിപ്പ് ചെയ്യുകയാണ്. റഗുലർ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന്റെ ആനുകൂല്യം ലഭ്യമാക്കേണ്ടത്. ആയതിനാൽ ടി വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് ലഭ്യമാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-5/08.08.2023) ടി വിദ്യാർത്ഥി ഇന്റേണൽഷിപ്പ് ചെയ്യുന്നത് കോഴ്സിന്റെ ഭാഗമായിട്ടുള്ളതും ഇന്റേണൽഷിപ്പ് കഴിഞ്ഞാൽ മാത്രമെ കോഴ്സ് പാസ്സായതിന്റെ സർട്ടിഫിക്കറ്റ് കിട്ടുകയുള്ളൂ എന്നും, കൂടാതെ ടി വിദ്യാർത്ഥി സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുമാണ് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ റഗുലർ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ ആനുകൂല്യം ഉറപ്പ് വരുത്തേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-35 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ അപാകതകൾ.

2022-23 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഐ.സി.ഡി.എസ് ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.100/23(സ്പിൽ ഓവർ) |
| അടങ്കൽ | 31898(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 8148(ബിൽ നം-07/22-23/28.12.22) |

മേലുകാവ് ഗ്രാമപഞ്ചായതത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസിലേയ്ക്ക് ഡസ്ക്ക് ടോപ് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ വാങ്ങുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം കെൽട്രോണിന് 63102 രൂപ ഡെപ്പോസിറ്റ് ചെയ്ത് ഓർഡർ നൽകിയിരുന്നു. എന്നാൽ സാധനങ്ങളുടെ ലഭ്യതക്കുറവ് മൂലം ഉപകരണങ്ങൾ ലഭ്യമായില്ല. എന്നാൽ സാധനങ്ങളുടെ വിലയിൽ മാറ്റം വന്നതിനാൽ അധികമായി 8148 രൂപ നൽകണമെന്ന് കെൽട്രോൺ ആവശ്യപ്പെട്ടതനുസരിച്ച് 2022-23 സാമ്പത്തിക വർഷം ടി തുക കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടറും യു.പി.എസും ലഭിച്ചിട്ടില്ല.

തുക അടവാക്കിയ സാഹചര്യത്തിൽ ഉപകരണങ്ങൾ ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -9/10.08.2023) കമ്പ്യൂട്ടറിന്റെ വിലവർദ്ധിച്ചതിനാൽ 2051 രൂപ കൂടി കെൽട്രോൺ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ 71250 രൂപ കെെൽട്രോണിന് നൽകിയ സാഹചര്യത്തിൽ ടി തുക തിരികെ ഈടാക്കുന്നതിനോ കമ്പ്യൂട്ടറും യു.പി.എസും ലഭ്യമാക്കുന്നതിനോ ഉള്ള നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ കെൽട്രോൺ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

2. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ-വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.89/23 |
| അടങ്കൽ | 200000(വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 61737(ബിൽ നം-19/22-23/28.03.23) |

വാങ്ങിയ ഉപകരണങ്ങളിൽ ഏതാനും ഉപകണങ്ങൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകണം | എണ്ണം |
|---|---|
| കോമോഡോ ചെയർർ വിത്ത് വീൽ | 1 |
| പീഡിയാട്ടിക് വീൽ ചെയർ | 1 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജെറിൻ ടോം ജോൺ എന്ന ഗുണഭോക്താവ് മരണപ്പെട്ട് പോയിട്ടുള്ളതിനാലാണ് ടി ഉപകരണങ്ങൾ വിതരണം നടത്താൻ പറ്റാത്തത് എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം എത്രയും വേഗം വിതരണം നടത്തുന്നതുമാണ് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ടി ഉപകരണങ്ങൾ ഭിന്നശേഷിക്കാരായ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- 1491884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 4/23 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (വാർഡ് 1,2,4,6,8,10) | 631500 (ധന. ഗ്രാന്റ്) | 319/22.3.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | - |
| 2 | 23/23 ഏഴാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 114900/- (ധന. ഗ്രാന്റ്) | 293/16.3.23 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | എസ്റ്റിമേറ്റ്- 175688 രൂപയാണ്. അടവാക്കിയത് 14900/-രൂപ മാത്രം |
| 3 | 34/23 -5,6,8,11 വാർഡുകളിൽ കുടിവെള്ള പദ്ധതി ബാലൻസ് തുക നൽകൽ | 57500/- വി.ഫണ്ട് | 69/25.3.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | - |
| 4 | 134/23 പി.എം.എ.വൈ വിഹിതം അടവാക്കൽ | 140000/- (വി.ഫണ്ട്- ടി.എസ്.പി) | 15/27.8.22 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | |

| | | | | | |
|---|---|---|---|---|---|
| | ടി.എസ്.പി | | | | |
| 5 | 135/23 പി.എം.എ.വൈ വിഹിതം അടവാക്കൽ എസ്.സി.പി | 140000/- (വി.ഫണ്ട്-എസ്. സി.പി) | 17/ 27.8.22 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | |
| 6 | 133/23 പി.എം.എ.വൈ വിഹിതം അടവാക്കൽ ജനറൽ | 140000/- (വി.ഫണ്ട് ) | 16/ 27.8.22 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | |
| 7 | 163/23 കോണിപ്പാട് കോളനി ലിങ്ക് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 90000 (വി.ഫണ്ട്-ടി.എസ്.പി) | 62/20.03.23 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | എസ്റ്റിമേറ്റ്-119968 രൂപയാണ്. അടവാക്കിയത് 90000/-രൂപ മാത്രം. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സോഷ്യൽ മാപ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഇല്ല |
| 8 | 147/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 177984 (ധന. ഗ്രാന്റ് ) | 44/3.1.23 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | എസ്റ്റിമേറ്റ്-494688 രൂപയാണ്. അടവാക്കിയത് 177984/-രൂപ മാത്രം |
| | ആകെ | 1491884 | | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/22-23/ 11.08.23 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1491884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം- അപാകതകൾ.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ101/23 ഹരിതകർമ്മസേനക്ക് സംരംഭം- തുണി സഞ്ചി നിർമ്മാണം) പ്രകാരം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 30/28.2.23 പ്രകാരം 112500/ രൂപ ജ്വവൽ ഹിതകർമ്മസേന യൂണിറ്റിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിന്റെ ( അക്കൗണ്ട് നമ്പർ 40626101057254 ) മേലുകാവ് ശാഖയിൽ നിന്നും യൂണിറ്റിന് 150000/-രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിനായുള്ള ആകെ ചെലവ് 124503/-രൂപ (ഹാജരാക്കിയ ബില്ലുകൾ പ്രകാരം) മാത്രമാണ്. ഇതനുസരിച്ച് അനുവദിക്കാവുന്ന സബ്സിഡി 93377/-രൂപ മാത്രമാണ്. 19123 രൂപ അധികമായി അനുദിച്ചതായി കാണുന്നു. കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിലെ 40626101057254 നമ്പർ അക്കൗണ്ടിലേക്കാണ് 28.02.2023 ൽ തുക ട്രാൻഫർ ചെയ്തിട്ടുള്ളത്. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 39095/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ലോൺ അക്കൗണ്ടിൽ 15.3.23 ൽ 94447/- രൂപ അടവാക്കാൻ അവശേഷിക്കുന്നു. 15.3.23 ന് ശേഷം പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. ലോൺ എടുത്ത 150000/-രൂപ പോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സബ്സിഡി തുക ചെലവഴിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/22-23/ 11.08.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലോൺ എടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത സാഹചര്യത്തിലാണ് സബ്സിഡി തുകയും ബാങ്കിലേക്ക് നൽകിയത്. ഈ തുകയിൽ 39095/-രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത്. സബ്സിഡി തുക എന്തിനാണ് ചെലവഴിച്ചത് എന്നും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 19123/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കി തുകയായ 93377/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 18.08.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഞങ്ങളും കൃഷിയിലേക്ക് - സ്ഥിരം കൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി (പ്രോജക്ട് നം. 80/23) | 100000 | 0 |
| | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പൊതുവിഭാഗം (പ്രോജക്ട് നം. 87/23) | 100000 | 0 |
| | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 131/23) | 100000 | 0 |
| | 100000 | പാലിയേറ്റീവ് കെയർ (പ്രോജക്ട് നം. 6/23) | 100000 | 0 |
| | 523400 | ലൈഫ് ഭവന നിർമ്മാണം-പട്ടിക വർഗ വിഭാഗം (പ്രോജക്ട് നം. 74/23) | 523400 | 0 |
| | 158000 | ലൈഫ് ഭവന നിർമ്മാണം-പട്ടിക ജാതി വിഭാഗം (പ്രോജക്ട് നം. 75/23) | 158000 | 0 |
| | 1120000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ (പ്രോജക്ട് നം. 73/23) | 1120000 | 0 |
| ആകെ | 2201400 | | 2201400 | 0 |
| ജില്ലാ പഞ്ചായത്ത് | 60000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പൊതുവിഭാഗം (പ്രോജക്ട് നം. 87/23) | 60000 | 0 |
| | 1046600 | ലൈഫ് ഭവന | 1046600 | 0 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം-പട്ടിക വർഗ വിഭാഗം (പ്രോജക്റ്റ് നം. 74/23) | | |
| | 320000 | ലൈഫ് ഭവന നിർമ്മാണം-പട്ടിക ജാതി വിഭാഗം (പ്രോജക്റ്റ് നം. 75/23) | 320000 | 0 |
| | 639869 | ലൈഫ് ഭവന നിർമ്മാണം-ജനറൽ (പ്രോജക്റ്റ് നം. 73/23) | 639869 | 0 |
| ആകെ | 2066469 | | 2066469 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 4/23 - വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (വാർഡ് 1,2,4,6,8,10) | 631500 | 0 | 631500 |
| | 34/23 - 5,6,8,11 വാർഡുകളിൽ കുടിവെള്ള പദ്ധതി ബാലൻസ് തുക നൽകൽ | 57500/- | 0 | 57500/- |
| കെഎസ്ഇബി | 23/23 - ഏഴാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 114900/- | 0 | 114900/- |
| | 163/23 - കോണിപ്പാട് കോളനി ലിങ്ക് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 90000/- | 0 | 90000/- |
| | 147/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 177984/- | 0 | 177984/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല .

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-കെ യു അർ ഡി എഫ് സി ലോൺ | ജി ഒ (എം.എസ്) 68/2018/എൽ എസ് ജി ഡി തീയതി 18.05.2018 | 4331419 | 2820000 | 1158606 | 0 | 5992813 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 6000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000 |

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകളൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം3 | വസ്തു നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2020-21 | 1-13 | 2021-22 | അനുബന്ധം1 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത്. | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 2,84,26,360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,21,69,128 |
| റസീറ്റ് & പേയ്മെന്റ് പ്രകാരം വരവിനങ്ങളിലുള്ള നഷ്ടം | : | 19123 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2450165 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും വിലാസവും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-27 | | 19123 | ശ്രീമതി അനിത മരിയ ജോസ് കാഞ്ഞിരത്തിങ്കൽ നെടിയശാല പി ഒ, ഇടുക്കി-685608 |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 119670 | ശ്രീ.എസ് ഷാഹുൽ അഹമ്മദ് സെക്രട്ടറി |
| 1-27 | 112500 | ശ്രീമതി അനിത മരിയ ജോസ് വിഇഒ |
| 1-28 | 150000 | ശ്രീ.എസ് ഷാഹുൽ അഹമ്മദ് സെക്രട്ടറി |
| 1-29 | 117000 | ശ്രീ.ഹരിശാന്ത് എസ്, അസി.എഞ്ചിനീയർ |
| 1-30 | 116317 | ശ്രീ.ഹരിശാന്ത് എസ്, അസി.എഞ്ചിനീയർ |
| 1-31 | 161917 | ഡോ.സജ്ജ സാം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-32 | 200000 | ശ്രീ.ഹരിശാന്ത് എസ്, അസി.എഞ്ചിനീയർ |
| 1-36 | 420000 | ശ്രീമതി സറീന അബ്ദുൾ അസീസ്, സെക്രട്ടറി |

| | | |
|---|---|---|
| | | ശ്രീ.എസ് ഷാഹുൽ അഹമ്മദ് |
| | 1071884 | സെക്രട്ടറി |
| ആകെ | 2469288 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീമതി അനിത മരിയ ജോസ് | വിഇഒ ഗ്രേഡ്2 | കാഞ്ഞിരത്തിങ്കൽ നെടിയശാല പി ഒ, ഇടുക്കി-685608 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/ റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(1)/ 2022/05.08.2022 | 1 |
| 1994-95 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(2)/ 2022/05.08.2022 | 1 |
| 1997-98 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(3)/ 2022/05.08.2022 | 4 |
| 1998-99 | നം.എൽ.എഫ്.കെ.പി.7/799/04/2.7.2004 | -- |
| 1999-2000 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(1)/ 2022/05.08.2022 | 1 |
| 1999-2002 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767/03/16.12.04/30.12.04 | -- |
| 2000-01 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(4)/ | 1 |

| | | |
|---|---|---|
| | 2018/01.03.2018 | |
| 2001-02 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(1)/ 2022/05.08.2022 | 1 |
| 2003-04 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(5)/ 2022/05.08.2022 | 2 |
| 2005-06 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(6)/ 2022/05.08.2022 | 2 |
| 2006-07 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(7)/ 2022/05.08.2022 | 9 |
| 2007-08 | നം.എൽ.എഫ്.കെ.പി2/270/13/09.09.13 | -- |
| 2008-09 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(8)/ 2022/05.08.2022 | 3 |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272/13/07.05.14 | 10 |
| 2010-11, 2011-12 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(4)/ 2022/05.08.2022 | 13 |
| 2012-13, 2013-14 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(5)/ 2022/05.08.2022 | 7 |
| 2014-15 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(6)/ 2022/05.08.2022 | 6 |
| 2015-16 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(7)/ 2022/05.08.2022 | 10 |
| 2016-17 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(8)/ 2022/05.08.2022 | 10 |
| 2017-18 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(9)/ 2022/05.08.2022 | 10 |
| 2018-19 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(10)/ 2022/05.08.2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി14/532/21/9.06.2022 | 12 |
| 2020-21 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-679/2022 /8.8.22 | 14 |
| 2021-22 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-460/2023 /26.7.23 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 29-05-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Melukavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Melukavu Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Melukavu Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Non-Disclosure of Assets. Assets not classified and evaluated. Value of land owned by the panchayath is not accounted.
2. General Fund Details not maintained. Source data not available for the value of Total General fund on 31/03/2023.
3. Non-Disclosure of Capital Contribution.

**2.Other Observations**

1. Road assets(Tarred) of panchayath exempted and became zero on 31/03/2023 without proper authentication.

2. The statement of ratios as per accounting rules is not included in the annual financial statement.
3. Details of prior period adjustments are not submitted as notes on accounts by the secretary.
4. Demand, collection and balance amounts of Property tax do not match with the annual financial statement.
5. Government and Other dues register is not kept.
6. The amount of advance deposited to Clean Kerala Company is not accounted under proper account head .
7. Accumulated depreciation of assets (Roads and Bridges) is recorded in excess of the asset value.
8. One of the three bank accounts for health grant and another account for Ashraya project are not included in the Annual Financial statement.

**Deputy Director**
**District Audit Office**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്